ഊർജ്ജ വകുപ്പ്, കേരള സർക്കാർ




## കേരള സംസ്ഥാന

# അക്ഷയ ഊർജ്ജ അവാർഡ്

## 2018

പ്രഖ്യാപനം : **ശ്രീ. എം എം മണി**
**ബഹു. വൈദ്യുതി വകുപ്പ് മന്ത്രി**

18 ജൂൺ 2019, 11.00 AM

മീഡിയ റൂം, കേരള നിയമസഭ മന്ദിരം

---

അനെർട്ട്

വികാസ് ഭവൻ PO, തിരുവനന്തപുരം – 695033

0471 - 2338077

അനെർട്ട്
ANERT
AGENCY FOR NON-CONVENTIONAL ENERGY & RURAL TECHNOLOGY
DEPARTMENT OF POWER, GOVERNMENT OF KERALA
Law College Road, PMG, Thiruvananthapuram 695033 • director@anert.in • www.anert.gov.in
Tel.: (+91-471) 2338077, 2334122, 2333124, 2331803 • Fax: (+91-471) 2329853

File No. ANERT-TECH/236/2018-PO(CKC) Date:18.06.2019

# കുറിപ്പ്

## കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

അക്ഷയ ഊർജ്ജ (പാരമ്പര്യേതര ഊർജ്ജം) വ്യാപനത്തിനും അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വ്യാപകമായ ഉപയോഗത്തിനും മികച്ച രീതിയിൽ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന വ്യക്തികളേയും സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനും ആദരിക്കുന്നതിനുമായി സംസ്ഥാനതല അവാർഡുകൾ 2017 മുതൽ സർക്കാർ നല്കിവരുന്നു.

- അതിൻ പ്രകാരം ഈ രംഗത്ത് മികച്ച സേവനം നടത്തുന്നവരെ കണ്ടെത്തി അവാർഡ് നൽകുന്നതിനുള്ള ചുമതല അക്ഷയ ഊർജ്ജമേഖലയിലെ സംസ്ഥാന നോഡൽ ഏജൻസി ആയ അനെർട്ടിനെയാണ് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രൊഫസർ ആർ.വി.ജി. മേനോൻ (മുൻ അനെർട്ട് ഡയറക്ടർ), ഡോ.ആർ. ശശികുമാർ (CAPE ഡയറക്ടർ), ശ്രീ. കെ. അശോകൻ (മുൻ ബോർഡ് മെമ്പർ, കെ.എസ്.ഇ.ബി) ശ്രീ. വി. കെ. ജോസഫ്(ചീഫ് എഞ്ചിനീയർ, (REES, KSEBL), ശ്രീ. എബി ജോസഫ് (ജോയിന്റ് ഡയറക്ടർ (PEG), CDAC), ഡോ.ആർഹരികുമാർ (ഇഎംസി), ശ്രീ. സി. റ്റി. അജിത് കുമാർ (സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, അനെർട്ട്) എന്നിവർ അടങ്ങിയ ജഡ്ജിംഗ് കമ്മറ്റിയാണ് ഈ വർഷത്തെ അവാർഡ് ജേതാക്കളെ നിശ്ചയിച്ചത്.

- ഊർജ്ജവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ളതും വൈദ്യുത ബോർഡ് ചെയർമാൻ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇ.എം.സി. ഡയറക്ടർ, അനെർട്ട് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഉള്ള കമ്മറ്റിക്കായിരുന്നു അവാർഡ് നിർണ്ണയത്തിന്റെ മേൽനോട്ട ചുമതല. കേരള സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഈ അവാർഡ് രാജ്യത്തിനുതന്നെ മാതൃകയാണ്
- അക്ഷയ ഊർജ്ജ രംഗത്ത് മികച്ച സംഭാവനകൾ നൽകിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മികച്ച ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിശോധിച്ചാണ് അവാർഡ് നിർണ്ണയിച്ചിട്ടുള്ളത്. സമഗ്രസംഭാവനയ്ക്കുള്ള അവാർഡിനുള്ള നോമിനേഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ വിഭാഗത്തിനുള്ള അവാർഡ് നൽകിയിട്ടില്ല.
- അവാർഡായി വ്യക്തികൾ ഒഴികെയുള്ള എല്ലാ വിഭാഗങ്ങൾക്കും ഒരു ലക്ഷം രൂപയും, ഫലകവും, പ്രശസ്തിപത്രവും ആണ് സമ്മാനിക്കുന്നത്. വ്യക്തിഗത വിഭാഗത്തിന് അമ്പതിനായിരം രൂപയും ഫലകവും, പ്രശസ്തിപത്രവും ആണ് സമ്മാനിക്കുന്നത്. ഓരോ വിഭാഗത്തിനും ഒന്നിലധികം ആളുകൾ അവാർഡിന് അർഹരായിട്ടുണ്ടെങ്കിൽ അവാർഡ് തുക തുല്യമായി വീതിച്ച് നൽകുന്നതാണ്. കൂടാതെ ഓരോ ഇനങ്ങളിലും പ്രോത്സാഹന സമ്മാനത്തിന് അർഹരായവർക്ക് ഫലകവും പ്രശസ്തി പത്രവും നൽകുന്നുണ്ട്.
- ആകെ 37 അപേക്ഷകളാണ് അക്ഷയ ഊർജ്ജ അവാർഡ് 2018 ന് പരിഗണിക്കുന്നതിനായി ലഭിച്ചത്. അവാർഡുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. പാരമ്പര്യേതര ഊർജ്ജ വികസനത്തിന് ഇത്തരം അവാർഡുകൾ ഈ മേഖലയുടെ വികസനത്തിന് വലിയ പ്രോത്സാഹനം നൽകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## വ്യവസായ സ്ഥാപനങ്ങൾ

**അവാർഡ്** : വിൽട്ടൺ വീവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് , ആലപ്പുഴ

## വാണിജ്യ സ്ഥാപനങ്ങൾ

**അവാർഡ്** : അവാർഡിന് ആരും അർഹരായില്ല

**പ്രശസ്തി പത്രം** 1 അഹല്യ ഹെൽത്ത് ഹെറിറ്റേജ് & നോളെഡ്ജ് വില്ലജ്, പാലക്കാട്

2 വൈദ്യരത്നം പി എസ് വാരിയെഴസ് ആര്യ വൈദ്യശാല, കോട്ടക്കൽ

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

**അവാർഡ്** 1 കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം

2 സെന്റ് ജോസെഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പാല

**പ്രശസ്തി പത്രം** 1 GVHSS, രാജകുമാരി, ഇടുക്കി

2 ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, അടൂർ

3 സെന്റ് തെരേസാസ് കോളേജ്, എറണാകുളം

## പൊതു സ്ഥാപനങ്ങൾ

**അവാർഡ്** : ടെക്നോപാർക്ക്, തിരുവനന്തപുരം

**പ്രശസ്തി പത്രം** : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

## ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

**അവാർഡ്** : ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), പാലക്കാട്

**പ്രശസ്തി പത്രം** : സെന്റ് ഫ്രാൻസിസ് അസ്സിസി കത്തിഡ്രൽ, എറണാകുളം

ANERT

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

**അവാർഡ്** 1 കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം

2 തുറവൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

## റിസർച്ച് & ഇന്നോവേഷൻ

**പ്രശസ്തി പത്രം** 1 സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, എറണാകുളം

2 അമൃത വിശ്വവിദ്യാപീഠം, എറണാകുളം

3 കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

## അക്ഷയ ഊർജ്ജ രംഗത്തെ വ്യവസായ സ്ഥാപനങ്ങൾ

**അവാർഡ്** 1 സോൾജൻ എനർജി പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ

2 മൂപ്പൻസ് എനർജി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം

**പ്രശസ്തി പത്രം** : ശ്രീ. മുഹമ്മദ് സുബീർ അലി, കോഴിക്കോട്

## വ്യക്തികൾ

**അവാർഡ്** : Dr. കുമാരവേൽ എസ്, NIT കോഴിക്കോട്

**പ്രശസ്തി പത്രം** 1 ശ്രീ. സുനീഷ് കുമാർ, കർമ്മധാര ചാരിറ്റബിൾ സൊസൈറ്റി, തിരുവനന്തപുരം

2 ശ്രീ. സേവിയർ ജെ എസ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## വ്യവസായ സ്ഥാപനങ്ങൾ

**അവാർഡ്** **(ഒരു ലക്ഷം രൂപ അവാർഡ് തുകയും, ഫലകവും, പ്രശസ്തി പത്രവും)**

**വിൽട്ടൺ വീവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് , ആലപ്പുഴ**

കയർ ഉൽപ്പന്ന നിർമ്മാതാക്കളായ വിൽട്ടൺ വീവേഴ്സ് 100kWp ശേഷിയുള്ള ബാറ്ററിയോടു കൂടിയ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു. 11kVക്ക് മുകളിൽ വൈദ്യുതി ഉപഭോഗം നടത്തുന്ന ഹൈ ടെൻഷൻ ലൈൻ ഉപഭോക്താവ് എന്ന നിലയിൽ സ്ഥാപനത്തിന്റെ കോണ്ട്രാക്റ്റ് ഡിമാണ്ട് പരിധി കുറയ്ക്കുകയും ഇതിലൂടെ പ്രതിമാസം ഒരു ലക്ഷത്തിലധികം രൂപ വൈദ്യുതി ചിലവ് ഇനത്തിൽ കുറയ്ക്കുവാനായി. അതോടൊപ്പം പ്രതിവർഷം 125 ടൺ കാർബൺ ബഹിർഗമനവും കുറഞ്ഞു.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## വാണിജ്യ സ്ഥാപനങ്ങൾ

**പ്രോത്സാഹന സമ്മാനം** (ഫലകവും, പ്രശസ്തി പത്രവും)

(i) **അഹല്യ ഹെൽത്ത് ഹെറിറ്റേജ് ആന്റ് നോളഡ്ജ് വില്ലേജ്, പാലക്കാട്**

ഹെറിറ്റേജ് വില്ലേജിലുള്ള അഹല്യ പബ്ലിക് സ്കൂൾ കാമ്പസിൽ 10 kWp ശേഷിയുള്ള സോളാർ തെരുവു വിളക്കുകളും 3000 LPD ശേഷിയുള്ള സൗരോർജ്ജ വാട്ടർ ഹീറ്ററും സ്ഥാപിച്ചിട്ടുണ്ട്. സൗരോർജ്ജതെരുവുവിളക്കുകൾ സ്ഥാപിക്കുക വഴി പ്രതിവർഷം ശരാശരി 14600 യൂണിറ്റ് വൈദ്യുതിയും സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുക വഴി 70080 യൂണിറ്റ് വൈദ്യുതിയും ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ii) **വൈദ്യരത്നം പി എസ് വാര്യേഴ്സ് ആര്യവൈദ്യശാല, കോട്ടക്കൽ**

വൈദ്യശാലയുടെ കോട്ടക്കലിലുള്ള സ്ഥാപനങ്ങളിലും വിവിധ ബ്രാഞ്ചുകളിലും ആകെ 78 kWp ശേഷിയുള്ള സൗരോർജ്ജ വൈദ്യുതി നിലയങ്ങളും 15500 LPD ശേഷിയുള്ള സൗരോർജ്ജ വാട്ടർ ഹീറ്ററും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കോട്ടക്കലിൽ $6m^3$ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

**അവാർഡ്** **(ഒരു ലക്ഷം രൂപ അവാർഡ് തുകയും, ഫലകവും, പ്രശസ്തി പത്രവും)**

### i. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് കാമ്പസിൽ 160 kWp ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റും അനുബന്ധമായി കാലാവസ്ഥ പഠന കേന്ദ്രവും സ്ഥാപിച്ചു. സൗര വൈദ്യുതി ഉൽപ്പാദനത്തിലൂടെ പ്രതിവർഷം 187 ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാനായി. അക്ഷയ ഊർജ്ജ പ്രചാരണത്തിനായി അനുബന്ധ വിഷയങ്ങളിൽ സെമിനാർ, പ്രബന്ധ അവതരണം, ക്വിസ്, പ്രദർശനങ്ങൾ എന്നിവയും കോളേജിൽ സംഘടിപ്പിച്ചു.

### ii. സെന്റ് ജോസെഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാല

സെന്റ് ജോസെഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാലയിൽ 110 kWp ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റ്, 2000 ലിറ്റർ ശേഷിയുള്ള സോളാർ വാട്ടർ ഹീറ്റർ, കോളേജ് കാന്റീൻ, ഹോസ്റ്റൽ എന്നിടങ്ങളിൽ ഭക്ഷണം പാകം ചെയ്യുന്നതിനായി സ്റ്റീം കുക്കിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ചു. മഴവെള്ള സംഭരണി, ഭൂഗർഭ ജല സ്രോതസ്സുകളുടെ റീ-ചാർജിംഗ്, മലിന ജല ശുദ്ധീകരണ പ്ലാന്റ് എന്നിവയും മികച്ച പരിസ്ഥിതി സൗഹൃദ മാതൃകകളാണ്.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

**പ്രോത്സാഹന സമ്മാനം** (ഫലകവും, പ്രശസ്തി പത്രവും)

i. **ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, രാജകുമാരി, ഇടുക്കി**

സൗരോർജ്ജ ഉപാധികൾ ഉപയോഗിക്കുക വഴി ഊർജ്ജം ലാഭിക്കുന്നതിനും അതോടൊപ്പം മറ്റ് ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളും മറ്റും സാധാരണക്കാർക്കിടയിൽ പ്രചരിപ്പിക്കുന്നതിനും മലയോര മേഖലയിലെ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. അക്ഷയഊർജ്ജ മേഖലയിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ii. **ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (SNIT), അടൂർ**

ഈ സ്ഥാപനത്തിൽ 50 kWp ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട് . പ്രതിമാസം ശരാശരി 6000 യൂണിറ്റ് വൈദ്യുതി ഈ നിലയത്തിൽ നിന്നും ഉത്പാദിപ്പിക്കുന്നു. ഇതു മൂലം വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിവർഷം ഏകദേശം 4.5 ലക്ഷം രൂപ ലാഭിക്കാമെന്ന് കണക്കാക്കിയിട്ടുണ്ട്.

iii. **സെന്റ് തെരേസാസ് കോളേജ്, എറണാകുളം**

20kWp ശേഷിയുള്ള ഗ്രിഡ് കണക്ട് സൗരോർജ്ജ നിലയം ഈ കോളേജിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സൗരോർജ്ജത്തെ അധികരിച്ച് ആഡ് ഓൺ കോഴ്സുകളും നടത്തുന്നു. വിദ്യാർത്ഥികൾക്കായി പരിശീലന പരിപാടികൾ, സെമിനാറുകൾ, ഫീൽഡ് തല സന്ദർശനങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## പൊതു സ്ഥാപനങ്ങൾ

**അവാർഡ്** (ഒരു ലക്ഷം രൂപ അവാർഡ് തുകയും, ഫലകവും, പ്രശസ്തി പത്രവും)

**ടെക്നോപാർക്ക്, തിരുവനന്തപുരം**

തിരുവനന്തപുരം ടെക്നോപാർക്കിലെ ഗംഗ, യമുനാ കെട്ടിട സമുച്ചയത്തിൽ 200kWp ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു. ഇതിലൂടെ പ്രതിവർഷം 187 ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാനായി. കൂടാതെ, കേരളത്തിലെ ഐ റ്റി വ്യവസായ സ്ഥാപനങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏറ്റവും വലിയ മേൽക്കൂര സൗര വൈദ്യുത പദ്ധതിയാണ് ടെക്നോപർക്കിലേത്.

**പ്രോത്സാഹന സമ്മാനം** (ഫലകവും, പ്രശസ്തി പത്രവും)

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**

എസ്.ബി.ഐ ആസ്ഥാനത്ത് 30kWp ശേഷിയുള്ള ശൃംഖലാ ബന്ധിത സൗരോർജ്ജ വൈദ്യുതി നിലയം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വിവിധ സ്ഥലങ്ങളിലുള്ള 10 ബ്രാഞ്ച് ഓഫീസുകളിൽ ആകെ 325kWp ശേഷിയുള്ള മേൽക്കൂര സൗരോർജ്ജ വൈദ്യുതി നിലയം രണ്ടാം ഘട്ടത്തിൽ ബാങ്ക് സ്ഥാപിച്ചിട്ടുണ്ട്. 4,74,500 യൂണിറ്റ് വൈദ്യുതിയാണ് രണ്ടാം ഘട്ടത്തിൽ സ്ഥാപിച്ച പ്ലാന്റുകളിൽ നിന്നുള്ള ശരാശരി വാർഷിക ഉല്പാദനം. കൂടാതെ ബാങ്ക്ഹെഡ് ഓഫീസ് കാമ്പസിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകളും കാന്റീനിൽ സൗരോർജ്ജ വാട്ടർഹീറ്ററും സ്ഥാപിച്ചിട്ടുണ്ട്.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

**അവാർഡ്** (ഒരു ലക്ഷം രൂപ അവാർഡ് തുകയും, ഫലകവും, പ്രശസ്തി പത്രവും)

**ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), പാലക്കാട്**

ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട് സോളാർ പവർ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, ചെറുകിട ജല വൈദ്യുത പദ്ധതികൾ, ചൂടാറാപെട്ടി മുതലായവ കേരളത്തിൽ ഉടനീളം സ്ഥാപിച്ചു നൽകുന്നതിൽ പ്രധാന പങ്ക് വഹിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രതിദിനം 2600 കിലോഗ്രാം മാലിന്യ സംസ്കരണ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ്, പാലക്കാട് ജില്ലയിലെ 60 സ്കൂളുകളിൽ 100 കിലോഗ്രാം വീതം മാലിന്യ സംസ്കരണ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ 16,000 ത്തോളം ചൂടാറാപെട്ടികളുടെ വിതരണം എന്നിവ കൂടാതെ വിവിധ സ്ഥാപനങ്ങളിലായി ആകെ 92kWp ശേഷിയുള്ള സൗരോർജ്ജ വൈദ്യുതി നിലയങ്ങളും സ്ഥാപിച്ചു.

**പ്രോത്സാഹന സമ്മാനം** (ഫലകവും, പ്രശസ്തി പത്രവും)

**സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ, എറണാകുളം**

ഈ കത്തീഡ്രലിൽ 15kWp ശേഷിയുള്ള ശൃഖലാ ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുക വഴി വൈദ്യുതി ബിൽ ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞു. കൂടാതെ പരിശീലന പരിപാടികൾ, കാംമ്പയിനുകൾ തുടങ്ങിയവയും അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി നടത്തിയിട്ടുണ്ട്.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

**അവാർഡ്** **(ഒരു ലക്ഷം രൂപ അവാർഡ് തുകയും, ഫലകവും, പ്രശസ്തി പത്രവും)**

### i. കാണക്കാരി ഗ്രാമപഞ്ചായത്, കോട്ടയം

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമ പഞ്ചായത്ത് 19.5 ലക്ഷം രൂപ ചിലവഴിച്ച് 121 സൗരോർജ്ജ തെരുവ് വിളക്കുകൾ പഞ്ചായത്തിൽ ആകമാനം സ്ഥാപിച്ചു. അക്ഷയ ഊർജ്ജ പ്രചരണത്തിനായി വിവിധ പഠന ക്ലാസുകൾ, പ്രദർശനങ്ങൾ എന്നിവയും സംഘടിപ്പിച്ചു.

### ii. തുറവൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓഫീസ്, പഞ്ചായത്ത് ലൈബ്രറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ കാര്യാലയം, കുടുംബശ്രീ ഓഫീസ്, കാൻറീൻ, ക്ഷീര വികസന ഓഫീസ്, അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, കൃഷി ഭവൻ തുടങ്ങിയ സ്ഥാപനങ്ങളിൽ സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിച്ചു.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## റിസർച്ച് ആന്റ് ഇന്നൊവേഷൻ

**പ്രോത്സാഹന സമ്മാനം** (ഫലകവും, പ്രശസ്തി പത്രവും)

### i. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചി

മത്സ്യം ഉണക്കുന്നതിനായി ഇലക്ട്രിക് – സോളാർ ഹൈബ്രിഡ് ഡ്രയർ ഈ സ്ഥാപനം വികസിപ്പിച്ച് വിജയകരമായി പ്രവർത്തിച്ചു വരുന്നു. വിവിധ അളവിലുള്ള മത്സ്യം ഉണക്കുന്നതിന് അനുയോജ്യമായ മാതൃകകൾ ലഭ്യമാണ്. ഗുണമേന്മ ഉറപ്പുവരുത്തി കൂടുതൽ സമയം മത്സ്യം സൂക്ഷിക്കുവാൻ ഇത് വഴി സാധിക്കുന്നു. മത്സ്യതൊഴിലാളികൾക്ക് ഇത്തരം ഡ്രയറുകൾ ഉപയോഗിക്കുന്നതിനുള്ള പരിശീലന പരിപാടികളും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്നുണ്ട്.

### ii. അമൃത വിശ്വ വിദ്യാപീഠം, എറണാകുളം

ഇപ്പോൾ സാധാരണ ഉപയോഗിക്കുന്ന സിലിക്കൺ സെല്ലിനു പകരം മറ്റ് തരം മെറ്റീരിയൽസ് ഉപയോഗിച്ച് ക്ഷമത കൂടിയ സോളാർ സെല്ലുകൾ വികസിപ്പിക്കുന്ന റിസർച്ച് പ്രോജക്ടുകൾ ഈ സ്ഥാപനത്തിൽ ചെയ്യുന്നുണ്ട്. അതു പോലെ ബാറ്ററികൾക്ക് സ്റ്റോറേജ് കപ്പാസിറ്റി കൂട്ടുന്നതിനുള്ള റിസർച്ച് വർക്കുകളും ചെയ്യുന്നു.

### iii. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

സൗരോർജ്ജ വൈദ്യുതി ഉല്പാദനം പ്രവചിക്കുവാൻ സഹായിക്കുന്ന റിസർച്ച് വർക്കുകൾ ഈ സ്ഥാപനത്തിൽ നടത്തുന്നുണ്ട്. മുമ്പ് ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളുടെയും കാലാവസ്ഥാ പ്രവചനത്തിന്റേയും അടിസ്ഥാനത്തിൽ വരും ദിവസങ്ങളിൽ സോളാർ പവർപ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ അളവ് ഇതു മൂലം കണക്കാക്കുവാൻ സാധിക്കും. പി.എച്ച്.ഡി തലത്തിലും എം.ടെക് തലത്തിലും സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പ്രോജക്ട് വർക്കുകളും നടത്തിവരുന്നു.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## അക്ഷയ ഊർജ്ജ രംഗത്തെ വ്യവസായ സ്ഥാപനങ്ങൾ

**അവാർഡ്** (ഒരു ലക്ഷം രൂപ അവാർഡ് തുകയും, ഫലകവും, പ്രശസ്തി പത്രവും)

### i. സോൾജൻ എനർജി പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ

സോൾജൻ എനർജി പ്രൈവറ്റ് ലിമിറ്റഡ് 1674 kWp ആകെ ശേഷിയുള്ള സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ കേരളത്തിൽ ആകമാനം വിവധ വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചു.

### ii. മൂപ്പൻസ് എനർജി സോലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം

മൂപ്പൻസ് എനർജി സോലുഷൻസ് പ്രൈവറ്റ് ലിമിറ്റഡ് 2500 kWp ആകെ ശേഷിയുള്ള സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ കേരളത്തിൽ ആകമാനം വിവധ വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചു. 1 MWp വീതം ശേഷിയുള്ള മേൽക്കൂര സൗരോർജ്ജ വൈദ്യുതി നിലയം തൃശ്ശൂർ ലിസ്സി ഹോസ്പിറ്റൽ, കോഴിക്കോട് എം വി ആർ കാൻസർ സെന്റർ എന്നിടങ്ങളിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്ഥല പരിമിതിക്കുള്ളിൽ നിന്ന് കൊണ്ട് പൂർത്തിയാക്കിയിട്ടുണ്ട്.

**പ്രോത്സാഹന സമ്മാനം** (ഫലകവും, പ്രശസ്തി പത്രവും)

### ശ്രീ. മുഹമ്മദ് സുബീർ അലി, കോഴിക്കോട്

മേൽക്കൂര സൗര വൈദ്യുതി നിലയങ്ങൾ Eco tech എന്ന സ്ഥാപനം മുഖേന സ്ഥാപിച്ചു നൽകുന്നു. 270 kWp ആകെ ശേഷിയുള്ള 16 ഓഫ് ഗ്രിഡ് പവർ പ്ലാന്റുകളും 89 kWp ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകളും സ്ഥാപിച്ചു നൽകിയിട്ടുണ്ട്.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് - 2018

## വ്യക്തികൾ

**അവാർഡ്** (അമ്പതിനായിരം രൂപ അവാർഡ് തുകയും, ഫലകവും, പ്രശസ്തി പത്രവും)

**Dr. കുമാരവേൽ, NIT കോഴിക്കോട്**

സാഹചര്യങ്ങൾക്കനുസൃതമായി വിവധ അക്ഷയ ഊർജ്ജങ്ങളായ സൗരോർജ്ജം, കാറ്റിൽ നിന്നുള്ള വൈദ്യുതി, തുടങ്ങിയവിൽ നിന്നും അനുയോജ്യമായത് തിരഞ്ഞെടുക്കുനതിനും വിനിയോഗിക്കുനതിനും ആവശ്യമായ സാങ്കേതിക വിദ്യയുടെ പഠനത്തിനും ഗവേഷണത്തിനും നൽകിയ സംഭാവനകളുടെ വെളിച്ചത്തിലാണ് Dr. കുമാരവേലിനു അവാർഡ് നൽകുന്നത്. നിലവിൽ കോഴിക്കോട് NITയിൽ അധ്യാപകനായ ഇദ്ദേഹം അക്ഷയ ഊർജ്ജ മേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ അവതരിപ്പിക്കുന്നതിൽ ശ്രദ്ധേയമായ പങ്ക് വഹിച്ചുവരുന്നു.

**പ്രോത്സാഹന സമ്മാനം** (ഫലകവും, പ്രശസ്തി പത്രവും)

i. **ശ്രീ. സുനീഷ് കുമാർ ഡി, തിരുവനന്തപുരം**

മെച്ചപ്പെട്ട വിറകടുപ്പ് സ്ഥാപിച്ചുനൽകുന്നതിനായി കർമ്മധാര SEW ചാരിറ്റബിൾ സൊസൈറ്റി എന്ന പേരിൽ ശ്രീ.സുനീഷ് കുമാറിന്റെ നേതൃത്വത്തിൽ സ്ഥാപനം നടത്തുന്നു. ഇതിൽ ഇരുപത്തഞ്ചോളം ആളുകൾ പ്രവർത്തിക്കുന്നു. ശ്രീ.സുനീഷ് കുമാർ അനെർട്ട് അംഗീകാരമുള്ള സെൽഫ് എംപ്ലോയ്ഡ് വർക്കർ (SEW) ആണ്.

ii. **ശ്രീ. സേവിയർ ജെ. എസ്, തിരുവനന്തപുരം**

കാറ്റാടിയന്ത്രത്തിന്റെ വോൾട്ടേജ് വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുള്ള കൺട്രോൾ സംവിധാനം രൂപകല്പന ചെയ്തിട്ടുണ്ട്. ഇതുമൂലം കുറഞ്ഞ വോൾട്ടേജിലും കാറ്റാടിയന്ത്രത്തിൽ നിന്നും വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകുവാൻ സാധിക്കും.